**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **31-01-2024 - ൽ മറുപടിയ്ക്ക്**

**പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണ ഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷയിൽ ജലവിഭവ വകുപ്പ് സെക്രട്ടറി (ഫയൽ നം. ഇ-6014102/ഐ.ആർ.2) നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | **ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷ IR2/50/2023/WRD നമ്പർ ഫയലിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് അനന്തര നടപടികൾക്കും റിപ്പോർട്ടിനുമായി അയച്ചു കൊടുത്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത വിഷയത്തിൽ ചീഫ് എഞ്ചിനിയർ (ഐ & എ) എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ചീഫ് എഞ്ചിനിയർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നല്കിയ അപേക്ഷ (6989/വി.ഐ.പി/എം(ഡബ്ല്യൂ.ആർ)/2022) തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയ ത്തിലേയ്ക്കും എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്കും അടിയന്തിര നടപടി സ്വീകരിക്കുന്നതിന് 05/06/2023-ന് ഇ-മെയിൽ മുഖേന നല്കുകയുണ്ടായി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് "Urgent side protection works to the left bank of Periyar river near Kuttamassery in Ward No.5 of Keezhmad Panchayath" എന്ന പ്രവൃത്തിയ്ക്കായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും നുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. മേൽ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ ഫണ്ടും ഭരണാനുമതിയും എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നല്കിയ അപേക്ഷ (6989/വി.ഐ.പി/എം(ഡബ്ല്യൂ.ആർ)/2022) |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയ ത്തിലേയ്ക്കും എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്കും അടിയന്തിര നടപടി സ്വീകരിക്കുന്നതിന് 05/06/2023-ന് ഇ-മെയിൽ മുഖേന നല്കുകയുണ്ടായി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് "Urgent side protection works to the left bank of Periyar river near Kuttamassery in Ward No.5 of Keezhmad Panchayath" എന്ന പ്രവൃത്തിയ്ക്കായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയുമ നുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. മേൽ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധം-II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

99146/2023

അനുബന്ധം - I

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.IR2/50/2023-WRD

ജലവിഭവ(ഐആർ) വകുപ്പ്
03-02-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഐ&എ),

തിരുവനന്തപുരം

സർ,

വിഷയം:- ജലവിഭവ വകുപ്പ്- ആലുവ നിയോജക ,മണ്ഡലത്തിൽ കീഴ്മാട് പഞ്ചായത്തിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് മഴക്കാലത്ത് തകർന്നുപോയ സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്നത് -സംബന്ധിച്ച്

സൂചന:- 21.03.2022 തീയതിയിലെ ശ്രീ അൻവർ സാദത്ത് എം എൽ എ യുടെ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു സൂചനകത്തിന്റെ കത്തിന്റെയും ഉള്ളടക്കങ്ങളുടെയും പകർപ്പ് അനന്തര നടപടികൾക്കും റിപ്പോർട്ടിനുമായി ഇതോടൊന്നിച്ച് അയക്കുന്നു.

വിശ്വസ്തതയോടെ,

DEEPA N.C

ഡെപ്യൂട്ടിസെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Malini T J

Date: 03-02-2023 16:22:47

സെക്ഷൻ ഓഫീസർ

 അനുബന്ധം - II

Gmail

Chief Engineer Irrigation & Administration,Kerala <ceworksirrigation@gmail.com>

# side wall periyar

**Chief Engineer Irrigation & Administration,Kerala** <ceworksirrigation@gmail.com> Mon, Jun 5, 2023 at 2:20 PM
To: selcctsr2020@gmail.com, eeidemakulam2@gmail.com

---------- Forwarded message ---------
From: <[illegible]>
Date: Fri, Feb 3, 2023 at 4:39 PM
Subject: side wall periyar
To: <ceworksirrigation@gmail.com>

pl see the govt letter

--

*Chief Engineer*
*Irrigation & Administration*Public Office Complex
Museum, Thiruvananthapuram
Ph : 0471 2322927
Email - ceworksirrigation@gmail.com

---

**2 attachments**

IKERSEC0002891891_1675421599043_1675421599048_611.pdf
200K

document(181)_1675141572933_215.pdf
129K

അനുബന്ധം - II

6989/VIP/M(WR)/2022

അൻവർ സാദത്ത്
(ആലുവ)
അംഗം
കേരള നിയമസഭ
"ഓലിക്കാ ഹൗസ്"
പാമ്പയം
നെടുമ്പാശ്ശേരി പി. ഒ.
പിൻ-683 585
ഓഫീസ് ആലുവ : 0484-2623003

ഫോൺ : 0471-2512301
നെയ്യാർ ബ്ലോക്ക്-8A
എം.എൽ.എ. ഹോസ്റ്റൽ
തിരുവനന്തപുരം
E-mail : anwarsadath18@gmail.com

S(WR) may take necessary action

സ്ഥലം തിരുവനന്തപുരം
തീയതി 21/03/2022

22/3/22

റോഷി അഗസ്റ്റിൻ
ജലവിഭവ വകുപ്പ് മന്ത്രി

ശ്രീ.റോഷി അഗസ്റ്റിൻ
ബഹു.ജലസേചന വകുപ്പ് മന്ത്രി

ബഹു . മന്ത്രി,

ആലുവ നിയോജക മണ്ഡലത്തിൽ കീഴ്മാട് പഞ്ചായത്തിലെ വാർഡ് 5 ൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് മഴക്കാലത്ത് തകർന്നുപോയ സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്നതിന് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ടും ഭരണാനുമതിയും നൽകണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

അൻവർ സാദത്ത്, എം.എൽ.എ.
ആലുവ

സെക്ഷൻ ഓഫീസർ